(ഇ) കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഇതുവരെ ആരുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ബി) 4360 കോടി രൂപ.

(സി) 1850 കോടി രൂപ.

(ഡി) താഴെ പറയുന്ന കമ്പനികൾ അടങ്ങുന്ന ഒരു കൺസോർഷ്യമാണ് ടെണ്ടറിൽ വിജയിയായത് :

കെയ്ദി ഇലക്ട്രിക്കൽ പവർ കമ്പനി ചൈന, സും ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മുംബൈ, ചൈനാ ഹാർബർ എഞ്ചിനീയറിംഗ് കമ്പനി ഗ്രൂപ്പ് സെക്കന്റ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ചൈന. മേൽപ്പറഞ്ഞ കൺസോർഷ്യത്തിൽ രണ്ട് ചൈനീസ് കമ്പനികൾകൂടി ഉള്ളതിനാൽ കരാറിൽ ഏർപ്പെടുത്തുന്നതിന് മുമ്പായി ഭാരത സർക്കാരിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ആവശ്യമാണ്. ഇതിനുവേണ്ടി 18-1-2006-ലെ D.O. No. 47/GOI/06/CM നമ്പർ കത്ത് പ്രകാരം മുഖ്യമന്ത്രി പ്രധാന മന്ത്രിയോട് നേരിട്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ 28-1-2006-ലെ 13869/ഇ1/05/മ.തു.വ. കത്ത് പ്രകാരം തുറമുഖ വകുപ്പ് സെക്രട്ടറി എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്ട്രിക്കും ഷിപ്പിംഗ് ആന്റ് ട്രാൻസ്പോർട്ട് മിനിസ്ട്രിക്കും ഇത് സംബന്ധിച്ച അപേക്ഷ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പണി തുടങ്ങുന്നതിനു മുൻപ് ഇൻഡ്യാ ഗവൺമെന്റിന്റെ പരിസ്ഥിതി ക്ലിയറൻസും ആവശ്യമാണ്.

(ഇ) ഒന്നാം ഘട്ട പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും ഗ്രാന്റായി പ്രതീക്ഷിക്കുന്നു.

(എഫ്) സ്വകാര്യ പങ്കാളിയുമായി കരാർ ഒപ്പിട്ട ശേഷം 50 മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

127 [584] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഓരോ തുറമുഖങ്ങളുടെയും വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ഓരോ തുറമുഖത്തിനും ചെലവ് ചെയ്ത തുകയും നടപ്പാക്കിയ പദ്ധതിയും വ്യക്തമാക്കുമോ ;

(സി) ഏത് രീതിയിലാണ് ബേപ്പൂർ തുറമുഖ വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; സ്വീകരിച്ച നടപടിയും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. †

(ബി) ഓരോ തുറമുഖത്തിനും ചെലവ് ചെയ്ത തുകയും നടപ്പാക്കിയ പദ്ധതികളും താഴെ വിവരിക്കുന്നു :

തുറമുഖം	ചെലവാക്കിയ തുക	പദ്ധതികൾ
തങ്കശ്ശേരി	303.247 ലക്ഷം	150 മീറ്റർ കാർഗോ നിർമ്മാണത്തിന്റെ ഭാഗമായി.
വിഴിഞ്ഞം മൈനർ പാർട്ട്	12.942 ലക്ഷം	104 മീറ്റർ കാർഗോ ബർത്തിന്റെ പ്രാരംഭ ചെലവുകൾ.
വിഴിഞ്ഞം ഡീപ്പ് വാട്ടർ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ	4944754.00 രൂപ	പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. അനുബന്ധ പഠനങ്ങൾ.
ബേപ്പൂർ	450.505 ലക്ഷം	കാർഗോ ബർത്ത് നിർമ്മാണം, ട്രാൻസിറ്റ് ഷെഡ് നിർമ്മാണം, ഡ്രഡ്ജിംഗ്, പാർക്കിംഗ് ഏരിയ, മറ്റ് അറ്റകുറ്റപ്പണികൾ, ജനറേറ്റർ വാങ്ങി, ജെട്ടി (വാർഫ്) റിപ്പയറിംഗ്, ടഗ്ഗ് നിർമ്മാണം.
അഴീക്കൽ	661.226 ലക്ഷം	അഴീക്കൽ തുറമുഖ വികസനത്തിനായി ബ്രേക്ക് വാട്ടർ നിർമ്മാണം, കമ്മ്യൂണിക്കേഷൻ എക്യുപ്പ്മെന്റ് വാങ്ങി, ഡ്രഡ്ജിംഗ്, ലൈറ്റ് ഹൗസ് റിപ്പയർ.
ആലപ്പുഴ	1567799.00 രൂപ	പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനും അനുബന്ധ പഠനങ്ങൾക്കും.

(സി) ബേപ്പൂർ തുറമുഖം, സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച തുറമുഖ നയം അടിസ്ഥാനമാക്കി സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ടി തുറമുഖ വികസനത്തിൽ തല്പരരായ പാരിസൺസ് ഗ്രൂപ്പ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തുറമുഖ വികസനത്തിന്റെ ഭാഗമായി 100 മീറ്റർ വാർഫ്, 60 മീറ്റർ വാർഫ്, 100 മീറ്റർ വാർഫിലേക്കുള്ള ജലവിതരണ പ്രവർത്തിയും മണ്ണു മാറ്റുന്ന പ്രവർത്തിയും, പ്രവേശന റോഡിന്റേയും പാർക്കിംഗ് ഏരിയയുടേയും നിർമാണം, ട്രാൻസിറ്റ് ഷെഡ് നിർമ്മാണം എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. 60 മീറ്റർ വാർഫിനു മുൻപിലുള്ള മണ്ണ് മാറ്റുന്നതിനുള്ള പ്രവർത്തി ഏർപ്പാടാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ടി തുറമുഖത്ത് 34 ലക്ഷം രൂപ ചെലവിൽ ഒരു പാസഞ്ചർ ടെർമിനൽ നിർമ്മിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുകയും

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ നിർമ്മാണോദ്ഘാടനം 3-1-2006-ൽ നടത്തിയിട്ടുമുണ്ട്. പ്രസ്തുത പ്രവർത്തിക്ക് ദർഘാസ് ക്ഷണിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനം

128 [585] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തിക്ക് ഇപ്പോൾ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) അഴീക്കൽ തുറമുഖത്തേക്ക് ലക്ഷദ്വീപിൽ നിന്ന് ചരക്കിറക്കുന്നത് സംബന്ധിച്ച് നടത്തിയ ചർച്ചകളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) അഴീക്കൽ തുറമുഖത്തിൽ ബ്രേക്ക് വാട്ടർ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവർത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

എ) ഉണ്ട്.

(ബി) അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ട വികസന ത്തോടനുബന്ധിച്ച് 226.2 മീറ്റർ നീളമുള്ള വാർഫിന്റേയും അനുബന്ധ സൗകര്യങ്ങളു ടേയും വികസനത്തിനായി 825 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി യ്ക്കായി ജി. ഒ. (ആർ.റ്റി.) നമ്പർ 555/05/മ.തു.വ. നമ്പരിൽ 15-11-2005-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തി ഉടനെ ആരംഭിക്കുന്നതാണ്.

(സി) അഴീക്കൽ തുറമുഖത്ത്, ലക്ഷദ്വീപിലേക്കും തിരിച്ചുമുള്ള കപ്പലുകൾക്ക് ബർത്ത് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ചകൾ നടന്നിരുന്നു. പക്ഷേ ദീർഘകാലമായി അവരിൽ നിന്നും യാതൊരു വിവരവും ലഭിക്കുന്നില്ല.

(ഡി) അഴീക്കൽ തുറമുഖത്ത് 24 ലക്ഷം രൂപ ചെലവിൽ 20,000 ക്യൂബിക് മീറ്റർ ഡ്രഡ്ജിംഗ് 2005-06-ൽ നടത്തിയിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം ഉടനെ പൂർത്തിയാകുന്നതാണ്. ബ്രേക്ക് വാട്ടർ നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് കൂടുതൽ ഡ്രഡ്ജിംഗ് പ്രവർത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വകുപ്പിലെ പരിഷ്ക്കാരങ്ങൾ

129 [586] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക മേഖലയുടെ വികസനത്തിനായി സഹകരണ പ്രസ്ഥാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[13-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 127 (584)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

തുറമുഖ വികസനം പ്രാഥമികമായും സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ചെറുകിട തുറമുഖങ്ങളുടെ വികസന സാദ്ധ്യതകൾ സ്വകാര്യ നിക്ഷേപകരുടെ മുമ്പാകെ അവതരിപ്പിക്കുന്നതിന് 2003 ജനുവരി 18, 19 തീയതികളിൽ കൊച്ചിയിൽ ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റ് നടത്തുകയും സ്വകാര്യ നിക്ഷേപം ക്ഷണിക്കുന്നതിന് മാർഗ്ഗനിർദ്ദേശകമായി വർത്തിക്കുന്നതിന് 16-2-2005-ലെ ജി. ഒ. (പി) 4/05 മ.തു.വ. പ്രകാരം തുറമുഖ നയം പ്രഖ്യാപിക്കുകയും ചെയ്തു. വിവിധ തുറമുഖങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. അഴീക്കൽ

അഴീക്കൽ തുറമുഖ വികസനത്തിനായി, സംസ്ഥാന സർക്കാരിന്റെ ഭാഗീക ഉടമസ്ഥതയിലുള്ള ICICI, KINFRA എന്ന സ്ഥാപനത്തെ ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിന് ചുക്കാൻ പിടിക്കുന്നതിലേക്കായി, 3-5-2005-ലെ G. O.(Rt.)160/05/ മ.തു.വ. പ്രകാരം സർക്കാർ ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രദേശത്തിന് പുറത്തായി ഒരു ബർത്ത് നിർമ്മിക്കുന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ ഷാർജയിലെ യൂണിവേഴ്സൽ ലൂബ്രിക്കൻസ് (സീനോൾ) എൽ. എൽ. സി. എന്ന കമ്പനി മുന്നോട്ട് വന്നിട്ടുണ്ട്. അവർ നൽകിയ റിപ്പോർട്ട് പഠിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു ഏജൻസിയെ നിയമിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

അഴീക്കൽ തുറമുഖ വികസനത്തിന്റെ ആദ്യഘട്ടമായ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. ഒന്നാം ഘട്ട വികസനത്തിനായി 825 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്രധാന ഘടകമായ കാർഗോ വാർഫിന്റെ നിർമ്മാണം ഏറ്റെടുത്ത് നടത്താൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുന്നോട്ടുവന്നിട്ടുണ്ട്.

കൂടാതെ നാഷണൽ മാരിടൈം ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ തീരദേശ ഗതാഗതത്തിന് സൗകര്യമൊരുക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

2. ബേപ്പൂർ

ബേപ്പൂർ തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്ത നിർദ്ദേശവുമായി കോഴിക്കോട്ടെ പാരിസൺസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മുന്നോട്ടു വന്നിട്ടുണ്ട്. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബേപ്പൂർ തുറമുഖത്ത് തുറമുഖ വകുപ്പ് പുതുതായി ഒരു വാർഫ് പണി കഴിപ്പിച്ചിട്ടുണ്ട്. ലക്ഷദ്വീപ് തുറമുഖത്തുനിന്നുള്ള യത്രക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 34 ലക്ഷം രൂപ ചെലവിൽ പാസഞ്ചർ ടെർമിനൽ നിർമ്മിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുകയും അതിന്റെ നിർമ്മാണോദ്ഘാടനം 3-1-2006-ൽ നടത്തുകയും ചെയ്തു. ബേപ്പൂർ തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 100 മീറ്റർ വാർഫ്, 60 മീറ്റർ വാർഫ്, 100 മീറ്റർ വാർഫിലേക്കുള്ള ജലവിതരണ പ്രവർത്തിയും മണ്ണ് മാറ്റുന്നതിനുള്ള പ്രവർത്തിയും ട്രാൻസിറ്റ് ഷെഡ് നിർമ്മാണം, വാർഫിലേക്കുള്ള പ്രവേശന റോഡിന്റെയും പാർക്കിംഗ് ഏരിയയുടെയും നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

3. പൊന്നാനി

പൊന്നാനി തുറമുഖത്ത് ഒരു ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം നടത്തിവരുന്നു.

4. അഴീക്കോട് (കൊടുങ്ങല്ലൂർ)

മുനമ്പം എന്നറിയപ്പെടുന്ന അഴീക്കോട് (കൊടുങ്ങല്ലൂർ) തുറമുഖ വികസനത്തിന് സൗരാഷ്ട്ര സിമന്റ്സ് എന്ന കമ്പനിയുമായി ഏർപ്പെട്ട കരാർ ഉദ്ദേശിച്ച പുരോഗതി നേടിയില്ലയെങ്കിലും കമ്പനിയുടെ നിയമപ്രശ്നങ്ങൾ പരിഹരിച്ച് ബർത്ത് നിർമ്മാണം താമസിയാതെ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5. ആലപ്പുഴ

ആലപ്പുഴ തുറമുഖത്ത് ഒരു മറീനയും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് ചെന്നൈയിലെ L & T Ramboll Constructing Engineers എന്ന കമ്പനി മുഖേന ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മുംബൈയിലെ EECO Environment and Consultancy Private Ltd. എന്ന സ്ഥാപനം ഈ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിക്കുകയും മേൽ പ്രോജക്ട് റിപ്പോർട്ടിൽ ഭേദഗതിവരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 18-1-2006-ലെ G O.(Rt.) 41/06/മ.തു.വ. പ്രകാരം രൂപീകരിച്ച ഇവാലുവേഷൻ കമ്മിറ്റി പരിശോധിച്ചുവരുന്നു.

6. തങ്കശ്ശേരി

തങ്കശ്ശേരി തുറമുഖ വികസനത്തിനായി 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ, ഇതുവരെ 303.247 ലക്ഷം രൂപ ചെലവഴിച്ച് 60 ശതമാനം പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു.

7. വിഴിഞ്ഞം

സ്വകാര്യ പങ്കാളിത്തത്തോടുകൂടി വിഴിഞ്ഞത്ത് ഒരു ഇന്റർ നാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് ആഗോള ടെൻഡർ വിളിച്ചതിൻപ്രകാരം ലഭിച്ച 2 ടെൻഡറുകളിൽ നിന്നും ചൈനയിലെ ഖയിദി ഇലക്ട്രിക്കൽ പവർ കമ്പനി നയിക്കുന്ന കൺസോർഷ്യത്തിന്റെ ടെൻഡർ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

കൂടാതെ വിഴിഞ്ഞം കാർഗോ ബർത്ത് നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly